LIBRARY ARCHIVES Kerala Legislative Assembly

വി.എച്ച്.എസ്.ഇ. പാഠ്യ പദ്ധതി നവീകരണം

25(*415) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. പാഠ്യ പദ്ധതി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാഠ്യ പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ,

(എ) ഉണ്ട്. വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സ.ഉ (സാധാ) നമ്പർ623/14/പൊ.വി.വ തീയതി 6-2-2014 ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) കുട്ടികൾക്ക് നിലവിലുള്ള പ്രായോഗിക പരിശീലനം വർദ്ധിപ്പിക്കുന്നതിനും അവർ പഠിച്ച തൊഴിലിൽ അവരെ സ്വയം പര്യാപ്തമാക്കുവാനും, ആധുനിക കാലഘട്ടത്തിലെ സാങ്കേതികവിദ്യ കുട്ടികൾക്ക് സ്വായത്തമാക്കുന്നതിനും, വൈദഗ്ദ്യം നിറഞ്ഞ മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനും, കൂടാതെ വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലയിൽ തന്നെ ഉന്നതപഠനത്തിനായി ലാടൽ എൻട്രി സംവിധാനവും പാഠ്യപദ്ധതി പരിഷ്കരണം കൊണ്ട് ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല.

(ഡി) വി.എച്ച്.എസ്.ഇ. കോഴ്സിലെ വൊക്കേഷണൽ വിഷയങ്ങൾ പരിഷ്കരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി

2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ 5,90,000 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ ടി പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി സ.ഉ (സാധാ) നമ്പർ 1245/14/പൊ.വി.വ തീയതി 10-3-2014 പ്രകാരം ഒരു വിദഗ്ധ സമിതി രൂപീരിച്ച് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് എക്സ്പർട്ട് കമ്മിറ്റിയുടെ ആദ്യ യോഗം 17-3-2014-ൽ കൂടുകയും അതനുസരിച്ച് എസ്.സി.ഇ.ആർ.ടി. ഡയറക്ടറും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറും ഉൾപ്പെടെ 20 അംഗ കോർകമ്മിറ്റി രൂപീരിച്ചു. കോർ കമ്മിറ്റിയുടെ ടൂൾ പ്രിപ്പറേഷൻ എസ്.സി.ഇ.ആർ.ടി.-യിൽ വച്ച് നടന്ന അദ്ധ്യാപക സംഘടനകളുമായും വകുപ്പ്തല ഉദ്യോഗസ്ഥൻമാരുമായുള്ള ചർച്ചയിലും, അതിന്റെ അടിസ്ഥാനത്തിലുള്ള ആശയ രൂപീകരണത്തിലും നടത്തുകയുണ്ടായി.

കുട്ടികളുടെ പഠന നിലവാരം

26(*416) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ പഠന നിലവാരം കുറയുന്നതായി കേന്ദ്രം നിയോഗിച്ച ജോയിന്റ് റിവ്യൂ മിഷന്റെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനറിപ്പോർട്ടിലെ മറ്റ് കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പാഠപുസ്തകത്തിലെ ഉള്ളടക്കവും അദ്ധ്യാപന രീതിയും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണെന്ന് പ്രസ്തുത റിപ്പോർട്ടിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ&ബി) ജോയിന്റ് റിവ്യൂ മിഷന്റെ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly